ആരോഗ്യവും കുടുംബക്ഷേമവും , ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സംസ്ഥാനത്ത് ചൈനയിൽനിന്ന് ഇറക്കുമതി ചെയ്ത പ്ലാസ്റ്റിക് അരി വിൽക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ചൈനയിൽ നിന്ന് ഇറക്കുമതി ചെയ്ത പ്ലാസ്റ്റിക്ക് അരി വിൽക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് സംസ്ഥാന വ്യാപകമായി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തി ക്കുന്നതും അല്ലാതെയുമുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയച്ചിരുന്നു. അത്തരത്തിലുള്ള പരാതി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ നേരിട്ട് അറിയിച്ചവരിൽ നിന്നുൾപ്പെടെ സംസ്ഥാന വ്യാപകമായി ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ചതിൽ പരാതി ശരിവയ്ക്കുന്നരീതിയുള്ള യാതൊരുവിധ റിപ്പോർട്ടുകളും നാളിതുവരെ ലഭിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് അരിയുടേതുൾപ്പെടെ എല്ലാത്തരം ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നതും നിശ്ചിത ഗുണനിലവാരമില്ലാത്തതായോ മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ

18 (*378) ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം കേന്ദ്രസഹായ ത്തോടെയും അല്ലാതെയും നടത്തിയ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ അറിയിക്കാമോ ;

(ബി) കാലവർഷം ശക്തിപ്രാപിച്ചതോടെ സംസ്ഥാനതീരം വ്യാപകമായി കടലാക്രമണക്കെടുതിയിലായത് ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇത് പ്രതിരോധിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) നിലവിലുണ്ടായിരുന്ന കടൽ ഭിത്തി തകർന്നുപോയിടത്തും, കടുത്ത കടലാക്രമണ ഭീഷണിയുള്ള മറ്റ സ്ഥലങ്ങളിലും കടൽഭിത്തി നിർമ്മിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സഹായത്തോടെയും അല്ലാതെയും നടത്തിയ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഉത്തരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) കടുത്ത കടലാക്രമണം ഉള്ളിടത്തും കടൽഭിത്തി തകർന്ന സ്ഥലങ്ങളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുവാൻ സാധിക്കും.

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

19 (*379) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ ;

(ബി) തമിഴ്നാട് സുപ്രീംകോടതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനായി തമിഴ്നാടിന്റെ താൽപ്പര്യത്തിന് വിഘാതമാകാതെ പഴയ അണക്കെട്ട് നിലനിർത്തിക്കൊണ്ടു പുതിയത് നിർമ്മിക്കാനുള്ള അനുമതി തേടുന്നതിനുവേണ്ട നിയമ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഡി) മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന താൽപര്യം സംരക്ഷിക്കാൻ കഴിവും താൽപ്പര്യവുമുള്ള ഉദ്യോഗസ്ഥരെയും വക്കീൽമാരെയും ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ ;

(ഇ) പുതിയ അണക്കെട്ടിന് അനുമതി നൽകുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തെന്നും അതിന് ഉന്നയിക്കുന്ന കാരണവും അറിയിക്കുമോ ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിരുന്നോ ; വിശദവിവരം നൽകാമോ ; കേന്ദ്ര സർക്കാർ ഈ പ്രശ്നം ഏറ്റെടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly